**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5303** **12-08-2021 - ൽ മറുപടിയ്ക്ക്**

**കാർഷിക ഉൽപ്പന്നങ്ങളിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കാർഷിക ഉൽപ്പന്നങ്ങളായ ചക്ക, കപ്പ (മരച്ചീനി) പോലുള്ളവയിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉത്പാദിപ്പിക്കുന്നതിന് വകുപ്പ് പ്രോത്സാഹനം നൽകുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ കാർഷിക ഉൽപ്പന്നങ്ങളായ ചക്ക, മരച്ചീനി മുതലായവയിൽ നിന്ന് മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ ഉത്പാദിപ്പിക്കുന്നതിന് വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് വരുന്നുണ്ട്. വൺ ഡിസ്ട്രിക്ട് വൺ പ്രോഡക്ട് ആശയത്തിൽ അധിഷ്ഠിതമായി സംരംഭത്തിന് പ്രോജക്ട് ചെലവിന്റെ 35% പരമാവധി 10 ലക്ഷം രൂപ വരെ ലഭിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രൈംമിനിസ്റ്റേഴ്സ് ഫോമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രൊസസിംഗ് എന്റർപ്രൈസസ് (പി.എം.എഫ്.എം.ഇ)-ൽ പത്തനംതിട്ട ജില്ലയുടെ ഉൽപ്പന്നം ചക്കയും, തിരുവനന്തപുരം, കൊല്ലം ജില്ലകളുടെ ഉൽപ്പന്നം മരച്ചീനിയും ആണ്. പ്രസ്തുത ജില്ലകളിൽ ഈ ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനക്കുള്ള പുതിയ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിലവിൽ ചെറിയ രീതിയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങളുടെ വിപുലീകരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കും ഈ പദ്ധതി പ്രകാരം സഹായം നൽകുന്നുണ്ട്. ചക്ക, മരച്ചീനി എന്നീ ഉൽപ്പന്നങ്ങൾ വൺ ഡിസ്ട്രിക്ട് വൺ പ്രോഡക്ട് അല്ലാത്ത മറ്റ ജില്ലകളിൽ നിലവിൽ ഈ ഉൽപ്പന്നങ്ങളെ അടിസ്ഥാനമാക്കി ചെറിയ രീതിയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങളുടെ വിപുലീകരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കും ഈ പദ്ധതി പ്രകാരമുള്ള സഹായത്തിനു അപേക്ഷിക്കാവുന്നതാണ്. കൂടാതെ ഈ ഉൽപ്പന്നങ്ങളിൽ നിന്നുള്ള മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ സംരംഭകർക്കു പരിചയപ്പെടുത്താനും ഉല്പാദനത്തിന് സജ്ജരാക്കാനും അതാത് മേഖലയിൽ പ്രവർത്തിക്കുന്ന സാങ്കേതിക സ്ഥാപനങ്ങളുടെ സഹായവും സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ വകുപ്പിന്റെ സുപ്രധാന സാമ്പത്തിക സഹായ പദ്ധതിയായ സംരംഭകത്വ സഹായ പദ്ധതിയിൽ |

| | | | |
|---|---|---|---|
| | | | (ESS) കാർഷികാധിഷ്ഠിത - ഭക്ഷ്യ സംസ്കരണ മേഖലയെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി 10% അധിക സബ്സിഡി അനുവദിച്ച് വരുന്നുണ്ട്. |
| (ബി) | ഇവ കാർഷിക ഉൽപ്പന്നങ്ങളായി അയൽ സംസ്ഥാനങ്ങളിലേക്ക് എത്തുകയും മൂല്യവർദ്ധിത ഉൽപ്പന്നമായി തിരിച്ചെത്തുകയും ചെയ്യുന്ന സാഹചര്യം നിലവിലുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഇത്തരം സാഹചര്യം നിലവിലില്ല. |
| (സി) | ഇത്തരം ഉത്പാദന മേഖലയിലേക്ക് സംരംഭകരെ ആകർഷിക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ഉണ്ട്. ഭക്ഷ്യ സംസ്ക്കരണ മേഖലയിലെ സൂക്ഷ്മ സംസ്ക്കരണ സംരംഭങ്ങൾക്ക് സഹായം നൽകുന്നതിനുള്ള കേന്ദ്ര ഭക്ഷ്യ വ്യവസായ മന്ത്രാലയത്തിന്റെ പദ്ധതിയായ പ്രൈംമിനിസ്റ്റേഴ്സ് ഫോമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രൊസസിംഗ് എന്റർപ്രൈസസ് (പി.എം.എഫ്.എം.ഇ) എന്ന പദ്ധതി വ്യവസായ വകുപ്പിന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കി വരുന്നു. അസംഘടിതമേഖലയിലുള്ള സൂക്ഷ്മ വ്യക്തിഗത സംരംഭങ്ങളുടെ മത്സരശേഷി മെച്ചപ്പെടുത്തുന്നതിനും ആ മേഖലയുടെ ഔപചാരിക വൽക്കരണത്തെ പ്രോത്സാഹിപ്പിക്കുന്നതിനും, കാർഷിക ഉത്പ്പാദക സംഘടനകൾ (FPOs), സ്വയംസഹായ സംഘങ്ങൾ (SHGs), ഉത്പ്പാദക സഹകരണ സംഘങ്ങൾ എന്നിവയെ അവയുടെ മൂല്യ ശൃംഖലകളിൽ ആകമാനം പിന്തുണക്കുകയുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. പദ്ധതി നടപ്പാക്കുന്നതിനായി കേരള സർക്കാർ, വ്യവസായ വകുപ്പിനെ നോഡൽ വകുപ്പായും കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രമോഷനെ (KBip) സംസ്ഥാന നോഡൽ ഏജൻസിയായും, നോഡൽ ഓഫീസറായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ (കെഎസ്ഐഡിസി) മാനേജിംഗ് ഡയറക്ടറെയും തിരഞ്ഞെടുത്തിട്ടുണ്ട്. അടുത്ത 4 വർഷം കൊണ്ട് ഭക്ഷ്യ സംസ്കരണ മേഖലയിൽ സംസ്ഥാനത്ത് 4000 ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിനു ഈ പദ്ധതി ലക്ഷ്യമിടുന്നു. ഈ പദ്ധതിയുടെ നടത്തിപ്പിനായി കേന്ദ്ര വിഹിതമായ 675 ലക്ഷം രൂപയുടെ ഭാഗമായ സംസ്ഥാന വിഹിതമായി 450 ലക്ഷം രൂപ ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ഉത്പാദന മേഖലയിലേക്ക് സംരംഭകരെ ആകർഷിക്കുന്നതിന് താഴെപ്പറയുന്ന പ്രധാന ധനസഹായപദ്ധതികൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കുന്നുണ്ട്. 1. സംരംഭകസഹായപദ്ധതി വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭക സഹായ പദ്ധതി 2012 മുതൽ |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കിവരുന്നുണ്ട്. പ്രാരംഭസഹായം, നിക്ഷേപസഹായം, സാങ്കേതികസഹായം എന്നി മൂന്ന് ഘട്ടങ്ങളായാണ് സഹായം നല്കുന്നത്. ഈ പദ്ധതിപ്രകാരം ഉൽപ്പാദനസംരംഭങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 15% മുതൽ 30% വരെ പരമാവധി 30 ലക്ഷം രൂപവരെ ധനസഹായം നൽകുന്നു. ഇതിൽ കാർഷികാധിഷ്ഠിത - ഭക്ഷ്യ സംസ്കരണ മേഖലയെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി 10% അധിക സബ്സിഡി അനുവദിച്ച് വരുന്നുണ്ട്. 2. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി 5 ലക്ഷം രൂപ വരെ സ്ഥിരം മൂലധനനിക്ഷേപം ഉള്ളതും 5 എച്ച്.പി വരെ വൈദ്യുതി ആവശ്യമുള്ളതും, മലിനീകരണനിയന്ത്രണ ബോർഡിന്റെ മാനദണ്ഡപ്രകാരം വൈറ്റ്, ഗ്രീൻ എന്നീ വിഭാഗത്തിൽപ്പെട്ട വീട്ടിലുള്ളതോ വീടിനോട് ചേർന്നോ നടത്തുന്ന ഉൽപ്പാദക ജോബ് വർക്ക് വിഭാഗത്തിലുൾപ്പെട്ട നാനോ സംരംഭങ്ങൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക. സ്ഥാപനം ആരംഭിക്കുന്നതിന് ധനകാര്യസ്ഥാപനങ്ങളിൽ നിന്നും ടേം വായ്പ എടുത്ത വനിതസംരംഭകർക്ക് വാർഷിക പലിശയിൽ മുതൽ 8% വരെ സബ്സിഡിയായി തിരികെ നൽകുന്നു. മൂന്ന് വർഷത്തേക്കാണ് ഇപ്രകാരം റീ-ഇംബേഴ്സ് ചെയ്ത് നൽകുന്നത്. 3. ചെറുകിട യുണിറകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ് വായ്പാധിഷ്ഠിത പ്രോജക്ടുകൾക്ക് മാർജിൻ മണി നൽകികൊണ്ട് അർഹമായ സംരംഭകർക്ക് സംസ്ഥാനത്തിനകത്ത് ചെറുസംരംഭങ്ങൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതിയുടെ 30% ഗുണഭോക്താക്കളും സ്ത്രീ സംരംഭകരായിരിക്കും. വനിതകൾ, വികലാംഗർ, വിമുക്തഭടന്മാർ, പട്ടികജാതി / പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ എന്നിവർക്ക് ഈ പദ്ധതിയിൽ മുൻഗണന നൽകും. ഉൽപ്പന്നനിർമ്മാണം, ഭക്ഷ്യസംസ്കരണം എന്നിവയിൽ ആരംഭിക്കുന്ന ചെറുസംരംഭങ്ങൾക്ക് (മൂല്യാധിഷ്ഠിത പ്രവർത്തനങ്ങൾ നടത്തുന്ന സേവനമേഖല ഉൾപ്പെടെ) സ്ഥിരമൂലധനവും പ്രവർത്തനമൂലധനവും ഉൾപ്പെടെ ആകെ പ്രോജക്ട് ചെലവ് 10 ലക്ഷം രൂപവരെയുള്ള യൂണിറ്റുകൾ ഈ പദ്ധതിയുടെ സഹായത്തിന് അർഹരാണ്. ഈ പദ്ധതിയിലൂടെ നൽകുന്ന പരമാവധി സഹായം ജനറൽ വിഭാഗത്തിന് 3 ലക്ഷം രൂപയും മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് 4 ലക്ഷം രൂപയും ആണ്. |

സെക്ഷൻ ഓഫീസർ